**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4448** **06-03-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ നിർത്തി വയ്ക്കണമെന്ന് ജീവനക്കാരുടെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (എ) | സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). പ്രസ്തുത സ്കീം പ്രകാരം സ്മാർട്ട് മീറ്റർ പദ്ധതി എങ്ങനെ നടപ്പിലാക്കാം എന്നതിനെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അഞ്ച് അംഗ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>1. ഉപഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ.<br>2. C-DAC-ന്റെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന്റെ സാധ്യത.<br>3. സ്മാർട്ട് മീറ്റർ പദ്ധതി കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുക യാണെങ്കിൽ RDSS-ലെ സാമ്പത്തിക സഹായം ലഭ്യമാകുമോ എന്ന വിഷയം.<br><br>മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ RDSS-നുള്ള കേന്ദ്ര സഹായം നഷ്ടപ്പെടാതെയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കാത്ത തരത്തിലും ഉപഭോക്താക്കളുടെ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്ന വിധത്തിലും സ്മാർട്ട് മീറ്റർ പദ്ധതിയെ വിലയിരുത്തി സമഗ്രമായ പരിശോധന നടത്തി ഘട്ടം ഘട്ടമായി നടപ്പിലാക്കണമെന്ന ലക്ഷ്യം മുൻനിർത്തി ബോർഡിന് ഗുണപരമായതും പ്രായോഗികമായി നടപ്പിലാക്കുവാൻ |

| | | | |
|---|---|---|---|
| | | | കഴിയുന്നതുമായ തീരുമാനം എടുക്കാൻ കെ.എസ്.ഇ.ബി.എൽ.നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>കേന്ദ്ര മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള സമയപരിധിക്കകം നടപടികൾ സ്വീകരിക്കണമെന്നതിനാൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സേവനദാതാവിനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ 13/02/2023-ന് ആരംഭിച്ചു. കേന്ദ്ര സർക്കാർ 40 ഓളം സ്ഥാപനങ്ങളെ സേവനദാതാക്കളായി എം പാനൽ ചെയ്തിട്ടുണ്ട്. ഏതു സ്ഥാപനത്തിനു വേണമെങ്കിലും ടെണ്ടറിൽ പങ്കെടുക്കാം. പ്രസ്തുത ടെണ്ടർ സ്വകാര്യ സംരംഭകർക്കു മാത്രമായി നിജപ്പെടുത്തിയിട്ടില്ല.<br><br>മേൽ വിദഗ്ധ സമിതിയുടെ അഭിപ്രായം ലഭിച്ചതിനു ശേഷം മാത്രമേ ടെണ്ടർ നടപടികളിൽ കെ.എസ്.ഇ.ബി.എൽ. അന്തിമ തീരുമാനം കൈകൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ